"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താനുള്ള അനുമതി രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2030/2025/LSGD തീയതി,തിരുവനന്തപുരം, 16-08-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 2420/2017/തസ്വഭവ തീയതി, 15.07.2017
2. സ.ഉ.(സാധാ) നം. 2523/2022/തസ്വഭവ തീയതി, 19.10.2022
3. നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ ഉത്തരവ് നമ്പർ എൻ.കെ.പി.എ2/1349/17/എച്ച്.കെ.എം തീയതി, 26.06.2024
4. സ.ഉ(കൈ) നം 164/2024/LSGD തീയതി,25/11/2024
5. നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ 02-05-2025-ലെ എൻ കെ പി എ2/1349/ എച്ച്.കെ.എം/2017 നമ്പർ കത്ത്

**ഉത്തരവ്**

വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം പ്രവർത്തനവും ഘടനയും വിശദമാക്കിയിരിക്കുന്ന ഹരിത സഹായ സ്ഥാപനങ്ങളുടെ നടത്തിപ്പ് തുക ഹരിത കേരള മിഷൻ തീരുമാനിക്കുന്ന പ്രകാരം അതത് തദ്ദേശ സ്ഥാപനങ്ങൾ നൽകേണ്ടതാണ് എന്ന് വ്യവസ്ഥചെയ്യുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം 19.10.2022 മുതൽ രണ്ട് വർഷത്തേക്ക് ഹരിത സഹായ സ്ഥാപനങ്ങൾക്ക് നടത്തിപ്പ തുക നൽകാനുള്ള കാലാവധി നീട്ടി നൽകിയിരുന്നു. പരാമർശം(3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങൾക്ക് 15.06.2024 മുതൽ ഒരുവർഷത്തേക്ക് കൂടി പ്രവർത്തന കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള പരാമർശം(4)-ലെ ഉത്തരവ് (ഇനം നം. 2.157(19)) പ്രകാരം ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇവരുടെ സേവനം രണ്ടു വർഷത്തേക്ക് കൂടി പ്രയോജനപ്പെടുത്താൻ അനുമതി നൽകണമെന്ന് നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ പരാമർശം(5) പ്രകാരം അഭ്യർത്ഥിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓരോ തവണയും പുതുക്കുന്ന വേളയിൽ ഹരിതകേരള മിഷൻ ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് സേവനം കൃത്യമായി നൽകുന്നു എന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ ഹരിത സ്ഥാപനങ്ങളുടെ സേവനം രണ്ടു വർഷത്തേക്ക് കൂടി പ്രയോജനപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ജില്ലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 16-08-2025 10:34:35
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-ക്ക്